## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1157

13/06/2013ൽ മറുപടിയ്ക്ക്

### കോവളം കൊട്ടാരം വക ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കോവളം കൊട്ടാരംവക 16.48 ഏക്കർ ഭൂമി ശ്രീ.രവി പിള്ളയ്ക്ക് പതിച്ച് നൽകി പട്ടയവും പോക്കുവരവും നടത്തി രവിപിള്ളയുടെ തണ്ട പേരിലാക്കാൻ നിയമോപദേശം ലഭിച്ചിട്ടുണ്ടോ ; എന്നാണ് ഈ നിയമോപദേശം ലഭിച്ചതെന്നും വ്യക്തമാക്കാമോ ; | (എ) | ബോംബെ ഹൈക്കോടതിയുടെ CSP നമ്പർ 39/12, 40/12 എന്നീ കേസ്സുകളുടെ വിധി പ്രകാരം മെസ്സേഴ്സ് കോവളം ഹോട്ടൽ പ്രൈവറ്റ് ലിമിറ്റഡ് പേരിൽ പോക്കുവരവ് ചെയ്തു നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ മുമ്പാകെ കമ്പനി സമർപ്പിച്ച അപേക്ഷയിന്മേൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ആവശ്യപ്പെട്ടതിൽ, കോവളം കൊട്ടാരം (taking over by resumption ) ആക്ട് 2005 പ്രകാരം ഒഴിപ്പിച്ച 4.13.30 ഹെക്ടർ അടക്കം സർക്കാരിനവകാശപ്പെട്ട 9.30.45 ഹെക്ടർ കഴിച്ചുള്ള 16.47.95 ഹെക്ടർ വസ്തു പോക്കുവരവ് ചെയ്തു നൽകുന്നതിന് നിയമ തടസ്സമില്ല എന്ന് 23.04.2013 ൽ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഉപദേശം നടപ്പിലാക്കുന്നത് സർക്കാരിനെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | നിയമോപദേശം സർക്കാർ ഭാഗം സംരക്ഷിച്ച് കൊണ്ടാണ് ലഭിച്ചത്. തുടർന്നുള്ള നടപടി നിലവിലുള്ള T.R നിയമപ്രകാരമാണ് സ്വീകരിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത ഉപദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ? | (സി) | 1966-ലെ T.R റൂൾ പ്രകാരം പോക്കുവരവ് ചെയ്തു നൽകാൻ നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാർ, വിഴിഞ്ഞം വില്ലേജാഫീസർ എന്നിവർക്ക് 13.05.2013 ലെ 83060/2012/ബി.17 നടപടിക്രമം പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ